തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502


സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - എക്സ് ഒഫീഷ്യോ അംഗങ്ങളെ ഉൾപ്പെടുത്തി നിർവാഹകസമിതി പുനഃസംഘടിപ്പിക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ്ചാൻസലറുടെ കാര്യാലയം

നമ്പർ: 50/2015/നി.സ./വി.സി./വാല്യം 2 തിയതി; തിരൂർ 07.02.2022

---

പരാമർശം:
1. 05.09.2018 ൽ പൊതുസഭ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഇതേ നമ്പർ സർവകലാശാല ഉത്തരവ്
2. 04.01.2019 ൽ നിർവാഹകസമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഇതേ നമ്പർ സർവകലാശാലാ ഉത്തരവ്
3. 03.02.2022 ൽ പൊതുസഭ പുനഃസംഘടിപ്പിച്ചുകൊണ്ടു പുറപ്പെടുവിച്ച ഇതേ നമ്പർ സർവകലാശാല ഉത്തരവ്
4. 07.02.2022 ന് കുറിപ്പുഫയലിലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്

## ഉത്തരവ്

പരാമർശം (1) പ്രകാരം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പരമോന്നത അധികാരസ്ഥാനമായ പൊതുസഭ പുനഃസംഘടിപ്പിച്ചിരുന്നു.

അതേത്തുടർന്നു പരാമർശം (2) പ്രകാരം സർവകലാശാലയുടെ നിർവാഹകസമിതിയും പുനഃസംഘടിപ്പിക്കുകയുണ്ടായി. അപ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട പൊതുസഭയുടെ കാലാവധി 04.09.2021 ൽ പൂർത്തിയായതോടൊപ്പം, പൂരകസഭയായ നിർവാഹകസമിതിയുടെ കാലാവധിയും തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം 2013 ലെ അദ്ധ്യായം III, 14 (4) വകുപ്പ് പ്രകാരം അവസാനിക്കുകയുണ്ടായി. സർവകലാശാലയുടെ ഭരണപരവും അക്കാദമികവുമായ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനെ മുൻനിർത്തി സൂചന(3) പ്രകാരം, കാലാവധി പൂർത്തിയാക്കിയ പൊതുസഭ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിലെ അദ്ധ്യായം III, 13 (എ), (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം യഥാക്രമം എക്സ് ഒഫീഷ്യോ അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി നിർവാഹകസമിതി രൂപീകരിക്കുന്നതിലെ കാലവിളംബം കണക്കിലെടുത്തും അതുവരെയുള്ള സർവകലാശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘ്നം ഉണ്ടാവാതിരിക്കുവാൻ നിർവാഹകസമിതി പുനഃസംഘടിപ്പിക്കേണ്ട അനിവാര്യമായ സ്ഥിതി വിലയിരുത്തിക്കൊണ്ടും താഴെപറയുന്ന എക്സ് ഒഫീഷ്യോ അംഗങ്ങളെ ഉൾപ്പെടുത്തി തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ നിർവാഹകസമിതി പുനഃസംഘടിപ്പിക്കുന്നതിന് ബഹു. വൈസ് ചാൻസലർ സൂചന(4) പ്രകാരം ഉത്തരവായിട്ടുണ്ട്.

**നിർവാഹകസമിതി അംഗങ്ങൾ**

1. പ്രൊഫ. (ഡോ.) വി. അനിൽകുമാർ - വൈസ് ചാൻസലർ
2. ഗവ. സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്
3. ഗവ. സെക്രട്ടറി, ധനകാര്യവകുപ്പ്
4. ഗവ. സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
5. ഡോ. സി. രാജേന്ദ്രൻ - ചെയർമാൻ, ഫാക്കൽറ്റി ഉപദേശകസമിതി
6. ഡോ. കെ.കെ.എൻ. കുറുപ്പ് - ചെയർമാൻ, ഫാക്കൽറ്റി ഉപദേശകസമിതി
7. ഡോ. ലിസ്സി മാത്യു - വൈസ് ചെയർമാൻ, ഗവേഷണസഭ

2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിലെ അദ്ധ്യായം III, 13 (എ), (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ടതും നാമനിർദ്ദേശം ചെയ്യപ്പെടുന്നതുമായ അംഗങ്ങളെ ഉൾപ്പെടുത്തി നിർവാഹകസമിതി വിപുലീകരിക്കുന്നതാണ്. 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിലെ അദ്ധ്യായം III, 14 (4) വകുപ്പ് പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട നിർവാഹകസമിതിയുടെ കാലാവധി പൊതുസഭയുടെ കാലാവധി കഴിയുന്നതോടൊപ്പം അവസാനിക്കുന്നതാണ്.

ഔദ്യോഗിക അംഗങ്ങളല്ലാത്ത യാതൊരാൾക്കും നിർവാഹകസമിതിയിലെ അംഗമായി രണ്ടു(2) തവണയിൽ കൂടുതൽ തുടർച്ചയായി സ്ഥാനം വഹിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല. നിർവാഹകസമിതിയോഗത്തിന്റെ ക്വാറം ഒൻപത് (09) അംഗങ്ങളായിരിക്കുന്നതാണ്.

യാത്രാബത്ത, ദിനബത്ത, മറ്റു ബത്തകൾ എന്നിവക്ക് അംഗങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. അതത് സാമ്പത്തികവർഷത്തിലെ XIII ശമ്പളം, ഭരണചെലവുകൾ (8) യാത്രാബത്ത ചെലവ് (9) മീറ്റിംഗ് ചെലവ് എന്ന ശീർഷകത്തിൽ നിന്നും സമിതി അംഗങ്ങൾക്ക് അർഹമായ ബത്തകൾ നൽകേണ്ടതാണ്.

മേൽപ്രകാരം ഒഴിഞ്ഞുകിടക്കുന്നതും നിലവിലില്ലാത്തതുമായ സ്ഥാനങ്ങൾ ഒഴികെയുള്ള എക്സ് ഒഫീഷ്യോ അംഗങ്ങളെ ഉൾപ്പെടുത്തി തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ നിർവാഹകസമിതി പുനഃസംഘടിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

പ്രിൻസിപ്പൽ സെക്രട്ടറി, ഗവർണർ, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി ഉന്നതവിദ്യാഭ്യാസവകുപ്പ് (ആമുഖകത്ത് സഹിതം)
എല്ലാ നിർവാഹകസമിതിയംഗങ്ങൾക്കും (ആമുഖകത്ത് സഹിതം)
എല്ലാ അക്കാദമിക ഭരണവിഭാഗങ്ങൾക്കും
ഓഫീസ് രേഖ / കരുതൽരേഖ / വെബ്സൈറ്റ്